## III. ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ: ഇന്ന് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളോടും മന്ത്രിമാരോടും അഭ്യർത്ഥിക്കാനുള്ളത്, റംസാൻ മാസമാണ് സമയബന്ധിതമായി പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും ചെയറുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(1) മലയോര പ്രദേശങ്ങളിലെ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാനുള്ള നടപടി

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി ഉൾപ്പെടെയുള്ള കേരളത്തിന്റെ മലയോരമേഖലയിലെ കർഷകർക്ക് സ്വന്തം പട്ടയഭൂമിയിൽനിന്ന് മരംമുറിക്കാൻ അനുമതി ലഭിക്കാത്തതിനാൽ അവർ അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കണമെന്നും പതിറ്റാണ്ടുകളായി അനുഭവിക്കുന്ന മഹാ സങ്കടത്തിന് പരിഹാരമുണ്ടാകണമെന്ന സാമൂഹ്യപ്രശ്നത്തിലേയ്ക്കാണ് ഞാൻ സർക്കാരിന്റെയും സഭയുടെയും ശ്രദ്ധക്ഷണിക്കുന്നത്.

കേരളത്തിലെ നൂറിലധികം വില്ലേജുകളിൽ കർഷകർ അനുഭവിക്കുന്ന ഈ പ്രശ്നത്തെ ഏറെ ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നമായി സർക്കാർ സമീപിക്കണമെന്ന് അഭ്യർഥിക്കുകയാണ്. 1964-ലെ ഭൂപതിവ് ചട്ടങ്ങളനുസരിച്ച് കർഷകർക്ക് കൈമാറിയ പട്ടയഭൂമിയിൽ വൃക്ഷവിലയടച്ച റിസർവ് ചെയ്ത മരങ്ങൾ മാത്രമല്ല, താനേ കിളിർത്തുവന്ന മരങ്ങളും കർഷകർ നട്ടുപിടിപ്പിച്ച മരങ്ങൾപോലും ഇന്ന് മുറിച്ചുമാറ്റാൻ അനുമതി ലഭിക്കുന്നില്ല. മരം കൊള്ളയ്ക്കെതിരായും മരം മുറിച്ച് കടത്തുന്ന മാഫിയക്കെതിരായും സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. ആ നടപടികളെ കേരളീയ സമൂഹവും കർഷകരും ഒറ്റക്കെട്ടായി പിന്തുണയ്ക്കും. കർഷകർ എന്തിനുവേണ്ടിയാണ് മരം മുറിക്കുന്നത്? പരിസ്ഥിതി സംരക്ഷണത്തിന്റെ ഏറ്റവും ലക്ഷണമൊത്ത പാസ്‌വേർഡാണ് കൃഷി. പ്രകൃതിയെയും മണ്ണിനെയും കരുതലോടെ കാക്കുന്നവനാണ് കർഷകർ. കർഷകർക്ക് മരം മുറിക്കേണ്ടി വരുന്നത് മക്കളുടെ പഠനാവശ്യത്തിനുവേണ്ടിയാണ്. റാന്നിയിലടക്കമുള്ള പെരുനാട്, വെച്ചൂച്ചിറ, നാരായണൻമൂഴി, പഴവങ്ങാടി പഞ്ചായത്തുകളിലെല്ലാം ആളുകൾക്ക് ചികിത്സയ്ക്ക് അവർ നട്ടുവളർത്തിയ മരം മുറിച്ചുമാറ്റാൻ പോലും അനുമതിക്കായി സമീപിച്ചാൽ

ലഭിക്കുന്നില്ല. പുതിയ വീട് നിർമ്മിക്കാനായി അപേക്ഷ നൽകിയാൽപോലും അനുമതി ലഭിക്കുന്നില്ല. കുഞ്ഞുങ്ങളുടെ പഠനാവശ്യത്തിനും മക്കളുടെ വിവാഹത്തിനും ചികിത്സയ്ക്കും കടം വീട്ടാനുമായി കർഷകർ റവന്യൂ അധികൃതരെയും വനം വകുപ്പിലെ ഉദ്യോഗസ്ഥരെയും സമീപിക്കുമ്പോൾ ചട്ടങ്ങളിൽ വ്യക്തതയില്ലെന്ന് പറഞ്ഞുകൊണ്ട് പരസ്പരം പഴി ചാരി കർഷകരുടെമേൽ കേസെടുക്കുകയാണ് ചെയ്യുന്നത്. കേരളത്തിൽ വ്യാപകമായി ആയിരത്തിലേറെ കേസുകളാണ് ഇക്കാര്യത്തിലെടുത്തിട്ടുള്ളത്. ഈ പ്രശ്നം സങ്കീർണ്ണമായി വന്നപ്പോഴാണ് 2020 ഒക്ടോബറിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇത്തരത്തിൽ 1964-ലെ ഭൂപതിവ് ചട്ടം നിയമമനുസരിച്ച് കർഷകർക്ക് ലഭിച്ച പട്ടയഭൂമിയിൽ ചന്ദനമൊഴികെയുള്ള മരങ്ങൾ അതിന്റെ ഉടമസ്ഥാവകാശം യഥാർത്ഥത്തിൽ കർഷകർക്കാണെന്നും ആ മരങ്ങൾ മുറിക്കുന്നതിനുവേണ്ടി പ്രത്യേകം അനുമതിയുടെ ആവശ്യമില്ലെന്നും വ്യക്തമാക്കിക്കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ആ ഉത്തരവ് പ്രത്യേക സാഹചര്യത്തിൽ പിൻവലിക്കപ്പെട്ടതിനുശേഷം ഇക്കാര്യത്തിൽ ഇതുവരെ പരിഹാരമുണ്ടാകുന്നില്ല.

കാർഷിക മേഖല നിലവിൽ അനുഭവിക്കുന്ന പ്രതിസന്ധി നമുക്കെല്ലാവർക്കുമറിയാം. കാർഷികോത്പന്നങ്ങൾക്ക് വില ലഭിക്കാത്തതിനാൽ അവർ നേരിടുന്ന പ്രയാസങ്ങളുണ്ട്. വന്യമൃഗാക്രമണം നിത്യസംഭവമാകുമ്പോൾ കൃഷി ഉപേക്ഷിക്കേണ്ടി വരുന്നു. കാലങ്ങളായി കെട്ടിപ്പടുത്ത ജീവിതം, സമ്പദ്വ്യവസ്ഥയെല്ലാം ഉപേക്ഷിച്ച് മടങ്ങേണ്ടി വരുന്ന കർഷകരെ കൂടുതൽ പ്രയാസത്തിലേയ്ക്കും ദുരിതത്തിലേയ്ക്കും നയിക്കുകയാണ് നിലവിലുള്ള ഈ നിയമം. ഭൂപതിവ് ചട്ട നിയമത്തിൽ ഭേദഗതി കൊണ്ടുവരണമെങ്കിൽ കൊണ്ടുവരണം. 2022 ഡിസംബർ 8-ാം തീയതി ഇതേ വിഷയത്തിൽ സഭയിൽ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ റവന്യൂ, വനം എന്നീ രണ്ട് വകുപ്പുകൾ സംയുക്തമായി ചേർന്ന് ഗുരുതരമായ സാമൂഹ്യപ്രശ്നത്തിന് പരിഹാരം കാണുമെന്നാണ് മന്ത്രി പറഞ്ഞത്. ഇക്കാര്യത്തിൽ ഇപ്പോഴും പരിഹാരമുണ്ടായിട്ടില്ല. ആ തൊഴിലാളി മേഖല തകർന്നുവെന്നുമാത്രമല്ല, വീടിനുമുകളിലേയ്ക്ക് അപകടാവസ്ഥയിൽ ചാഞ്ഞുനിൽക്കുന്ന ഒരു മരത്തിന്റെ ചില്ലപോലും വെട്ടിമാറ്റാൻ ദുരന്തനിവാരണ നിയമമനുസരിച്ച് അപേക്ഷ നൽകിയാൽപോലും മാസങ്ങൾ കാത്തിരിക്കേണ്ടി വരുന്ന അവസ്ഥ

കർഷകർക്കുണ്ട്. കേരളത്തിന്റെ മലയോര ജനതയുടെ പ്രശ്നമായല്ല, കേരളത്തിന്റെ വലിയ സാമൂഹ്യപ്രശ്നമായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർഥിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട റാന്നി എം.എൽ.എ., നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ് ഈ സഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. നേരത്തെ നിലവിലുള്ള നിയമപ്രകാരം പട്ടയഭൂമിയിൽ സ്വയംകിളിർത്തുവന്നതോ നട്ടുവളർത്തിയതോ ആയ മരങ്ങളിൽ, പ്രത്യേകമായി സ്പെസിഫൈ ചെയ്തതൊഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് അനുവാദമുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഇതിൽ വ്യക്തത വരുത്തിക്കൊണ്ട് ഇറക്കിയ ഒരു ഉത്തരവ് ദുരുപയോഗപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ ഉത്തരവ് ദുരുപയോഗപ്പെട്ട സാഹചര്യത്തിലാണ് അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, തൽക്കാലം ആ ഉത്തരവുമായി മുന്നോട്ട്

പോകണ്ടതില്ല എന്ന് തീരുമാനിച്ചത്. എന്നാൽ അങ്ങ് ഉന്നയിച്ചതുപോലെയും നിർദേശിച്ചതുപോലെയും റവന്യൂ, വനം വകുപ്പുമന്ത്രിമാർ രണ്ട് തവണ യോഗം ചേർന്ന് ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്, അത് അന്തിമഘട്ടത്തിലാണ്. വളരെ വേഗംതന്നെ അക്കാര്യത്തിൽ പരിഹാരമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കൂട്ടത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്, ചന്ദനമരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ഭേദഗതി ബിൽ ഞാൻ അവതരിപ്പിച്ചെങ്കിലും അതിന്റെ പ്രയോജനം മനസ്സിലാക്കാതെ ചിലർ ആ ഭാഗത്തെ എതിർത്ത അനുഭവമുണ്ട് എന്ന വസ്തുത സഭ അറിയുന്നത് നന്നായിരിക്കും. അക്കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ആ ഭാഗം മാത്രം ഭേദഗതി ചെയ്ത് ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോയെന്ന് നിയമ വകുപ്പുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ അക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിർദേശിച്ചിട്ടുള്ളത്. ഈ രണ്ട് കാര്യങ്ങളും വേഗത്തിൽ പൂർത്തിയായാൽ

മലയോര മേഖലയിലെ കർഷക സമൂഹം നേരിടുന്ന പ്രശ്നത്തിന് ഒരളവോളം പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആത്മാർഥമായ നിലപാട് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി പ്രശ്നത്തിന് അതിവേഗം പരിഹാരം കാണാൻ ശ്രമിക്കുമെന്ന അങ്ങയുടെ മറുപടിയെ സ്വാഗതം ചെയ്യുമ്പോൾത്തന്നെ, അതിന് നേരിടുന്ന കാലതാമസവും കാലദൈർഘ്യവും പരിഗണിച്ച്, അക്കാര്യത്തിൽ ശാശ്വത പരിഹാരമാകുന്നതുവരെ നിലവിൽ വനം വകുപ്പ് കർഷകർക്കെതിരെ കേസെടുക്കുന്ന നടപടി നിർത്തിവയ്ക്കാനുള്ള പ്രത്യേക നിർദേശം നൽകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അതുസംബന്ധിച്ച് പ്രത്യേക പരിശോധന നടത്താം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പട്ടയഭൂമിയിൽ കിളിർത്തുവന്നതും നട്ടുവളർത്തിയതുമായുള്ള മരങ്ങളുടെ ഉത്തരവാദിത്വം കൃഷിക്കാർക്ക് തന്നെയാണ് എന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം.

അക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് 269/2019 എന്ന ഒരു ഉത്തരവ് കഴിഞ്ഞ ഗവൺമെന്റ് പുറത്തിറക്കിയിരുന്നു. എന്നാൽ ആ ഉത്തരവ് ദുരുപയോഗം ചെയ്യപ്പെടുകയും ആ ഉത്തരവിനെതിരായി വ്യത്യസ്തവും അപകടകരവുമായിട്ടുള്ള ചില സംഭവങ്ങൾ ഉയർന്നുവരികയും ചെയ്ത സാഹചര്യത്തിലാണ് അത് പിൻവലിക്കേണ്ടിവന്നത്. അതുകൊണ്ട് നിയമ വകുപ്പുമായി കൂടി ആലോചിച്ച് ഇക്കാര്യത്തിൽ വ്യക്തത വരുത്തി, നട്ടുവളർത്തിയതും കിളിർത്തുവന്നതുമായിട്ടുള്ള മരങ്ങളുടെ ഉത്തരവാദിത്വം കർഷകർക്ക് ഏൽപിക്കണമെന്ന പൊതുവികാരം തന്നെയാണ് റവന്യൂ, വനം വകുപ്പുകൾക്കുള്ളത്. അക്കാര്യത്തിൽ ആവശ്യമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. രേഖകൾ പരിശോധിക്കുന്നതിനും മറ്റും നിയമ വകുപ്പിന്റെകൂടി ശക്തമായ പിൻബലം വേണ്ടിവരും. ഇക്കാര്യത്തിൽ ധാരാളം പൊതുതാൽപര്യ ഹർജികൾ നിലനിൽക്കുന്നതുകൊണ്ട്, അവകൂടി പരിശോധിക്കാനുള്ള കാലതാമസമാണുള്ളത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തോട് ചേർത്ത് ഇത്രയും കാര്യങ്ങളാണ് സർക്കാരിന് വ്യക്തമാക്കാനുള്ളത്.

## (2) കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സജീവ് ജോസഫ്: സർ, കാർഷിക മേഖലയിലുണ്ടായ കടുത്ത പ്രതിസന്ധി കണക്കിലെടുത്ത്, കർഷകരുടെ 2022 വരെ കുടിശ്ശികയായ വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിനുവേണ്ടി കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിക്കേണ്ട ആവശ്യകതയിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 2022, ഡിസംബർ 25-ന് പ്രസിദ്ധീകരിച്ച അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസത്തിനായി ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020, ആഗസ്റ്റ് 31 വരെയും മറ്റ് പന്ത്രണ്ട് ജില്ലകളിലെ കർഷകർക്ക് 2016, മാർച്ച് 31 വരെയും കുടിശ്ശികയായ കടങ്ങൾക്ക് കടാശ്വാസത്തിനായി അപേക്ഷ നൽകാവുന്നതാണെന്ന് ഉത്തരവായിരുന്നു. ഈ കാലപരിധിക്ക് ശേഷമുള്ള അപേക്ഷകൾ സ്വീകരിക്കാത്തതുമൂലം കടക്കെണിയിലായ കർഷകർ ജപ്തി നടപടികൾ നേരിടുകയും ബാങ്കുകളുടെ കടുത്ത മാനസിക പീഡനത്തിന് ഇരയാകുകയും ചെയ്യുകയാണ്. ജപ്തി നടപടികളിൽ കർശനമായ നിയന്ത്രണങ്ങളുണ്ടാകുമെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഈ സഭയിൽത്തന്നെ പറഞ്ഞെങ്കിലും ഇപ്പോഴും അത്തരത്തിലുള്ള നടപടികൾ നേരിടേണ്ടിവരുന്ന ആളുകളുടെ വീടുകൾക്ക് മുന്നിൽ ബോർഡും ഫ്ലക്സും പ്രദർശിപ്പിച്ച് അവരെ അപമാനിക്കുകയാണ്. കടാശ്വാസ കമ്മീഷൻ നോക്കുകുത്തിയാകുന്ന ഒരു സാഹചര്യമുണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ ബഹുമാന്യരായ കൃഷി, ധനകാര്യ വകുപ്പുമന്ത്രിമാരുടെയും ഗവൺമെന്റിന്റെയും സത്വര നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. 2018-ലെ പ്രളയവും 2020 മുതൽ സംസ്ഥാനത്തുണ്ടായ കോവിഡ് മഹാമാരിയും രൂക്ഷമായിക്കൊണ്ടിരിക്കുന്ന കൊടുംവരൾച്ചയും കാരണം കർഷകരുടെ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെപോയ ഏറ്റവും ദുഷ്കരമായ 2022 വരെയുള്ള കാലഘട്ടം കടാശ്വാസ കമ്മീഷൻ പരിഗണിക്കാത്തത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. കടാശ്വാസ കമ്മീഷന്റെ ഇടപെടൽ ഏറ്റവും അനിവാര്യമായ ഈ ഘട്ടത്തിൽ 2022 വരെയുള്ള കടാശ്വാസ പദ്ധതി ഉടൻ പ്രഖ്യാപിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അപേക്ഷകനായ കർഷകനോ അപേക്ഷകന്റെ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലുമോ ഒരുതവണ കടാശ്വാസ കമ്മീഷൻ ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ, പിന്നീട് അത് അനുവദിക്കില്ലെന്ന

നിബന്ധന പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെടുകയാണ്. പരമാവധി അനുവദിക്കാവുന്ന കടാശ്വാസത്തുക രണ്ട് ലക്ഷം രൂപയാണെന്നിരിക്കെ, ഒരു കുടുംബത്തിലെ ഒരംഗത്തിന് അയ്യായിരം രൂപയാണ് കടാശ്വാസം ലഭിച്ചിട്ടുള്ളതെങ്കിൽപ്പോലും ആ കുടുംബത്തിലെ മറ്റൊരാൾക്കും പിന്നീട് കടാശ്വാസം അനുവദിക്കുന്നില്ല. ഒരു കുടുംബത്തിന് പല ഘട്ടങ്ങളിലായി പരമാവധി ഒരു ലക്ഷം രൂപയെങ്കിലും കടാശ്വാസമായി അനുവദിക്കുന്ന രീതിയിൽ ചട്ടങ്ങളിൽ ഭേദഗതിയുണ്ടാകണമെന്നും അഭ്യർഥിക്കുകയാണ്. കമ്മീഷൻ തീർപ്പാക്കുന്ന ഉത്തരവുകൾ പാർട്ടിക്കും ബാങ്കുകൾക്കും കൃത്യസമയത്ത് ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. ഒരു വർഷമായിട്ടും ഉത്തരവ് കിട്ടാത്തതുമൂലം ബാങ്കുകൾ കർഷകരുടെ വിഹിതം വാങ്ങുകയോ പ്രമാണങ്ങൾ തിരികെ നൽകുകയോ ചെയ്യാത്ത സാഹചര്യമാണുള്ളത്. ആനുകൂല്യത്തിന് ഉത്തരവിറക്കി ആറ് മാസത്തിനുള്ളിൽ തുക അടയ്ക്കേണ്ടതായിട്ടുണ്ടെങ്കിലും ഒന്നര വർഷം കഴിഞ്ഞിട്ടും ഓർഡറുകൾ അയയ്ക്കാത്തതുകൊണ്ട് അവർക്ക് വീണ്ടും മുതലിന് പലിശ നൽകേണ്ട അവസ്ഥയാണുള്ളത്. കടാശ്വാസ കമ്മീഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്; കമ്മീഷന്റെ

ഭരണംതന്നെ അവതാളത്തിലായിരിക്കുകയാണ്. പല ആവശ്യങ്ങൾക്കുമായി മലബാർ മേഖലയിൽനിന്ന് അപേക്ഷകരായെത്തുന്ന കർഷകരെ ബുദ്ധിമുട്ടിക്കുന്നുവെന്ന പരാതി വ്യാപകമായിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. കമ്മീഷൻ വിധിച്ച വകയിൽ ബാങ്കുകൾക്ക് അറുനൂറ് കോടി രൂപയോളം സർക്കാർ കൊടുക്കാനുണ്ട് എന്ന് പറയുന്നു. ഇതും ഉടൻതന്നെ കൊടുത്തുതീർക്കുന്നതിനുള്ള നടപടിയുണ്ടാകണം. അപേക്ഷയുടെ മാനദണ്ഡങ്ങളിലൊന്നായി നിശ്ചയിച്ചിരിക്കുന്നത് റേഷൻ കാർഡാണ്. റേഷൻ കാർഡിൽ കൂലിപ്പണിക്കാരോ ഡ്രൈവറോ ചെത്തുതൊഴിലാളിയോ ഒക്കെയുണ്ടെങ്കിൽ അവർക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. പാവപ്പെട്ട കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയ സാഹചര്യത്തിൽ ഈ മാനദണ്ഡവും പുനഃപരിശോധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെതന്നെ, പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുന്നവർക്കും ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. ഇതും ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് അഭ്യർഥിക്കുന്നു. കൃഷി വെറുമൊരു തൊഴിൽ മാത്രമല്ല, ജനങ്ങളെ പോറ്റുന്ന

ജീവിതരീതികൂടിയാണ്. അതിനുവേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. സജീവ് ജോസഫ്: സർ, ആലക്കോട് വച്ച് നടന്ന കർഷക സംഗമത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നേരിട്ട് പങ്കെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ വളരെ വിശദമായ ചർച്ചകൾ നടക്കുകയും ചെയ്തത് സ്വാഗതാർഹമാണ്, അദ്ദേഹത്തെ നന്ദി അറിയിക്കുകയാണ്. അവിടെ ഉയർന്നുവന്ന ഒരു വിഷയംകൂടിയാണ് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം. ഇക്കാര്യത്തിൽ തുടർ നടപടികൾ ഉടനുണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായാണ് 2007-ൽ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കർഷകർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ്

പുറപ്പെടുവിച്ച് സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശയും ചെയ്യുന്ന രീതിയാണ് കമ്മീഷൻ അനുവർത്തിക്കുന്നത്. ഇത്തരത്തിൽ കടാശ്വാസ കമ്മീഷനിൽനിന്ന് ലഭിക്കുന്ന അവാർഡ് ശിപാർശകൾ സഹകരണസംഘം രജിസ്ട്രാറുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ലഭ്യമാക്കുന്ന പ്രൊപ്പോസലുകളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുവരികയും ചെയ്യുന്നു. കോവിഡും പ്രളയവും കാർഷിക മേഖലയിലുണ്ടാക്കിയ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ കാർഷിക മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-08-2018 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31-03-2014 വരെയും എടുത്ത വായ്പകൾ മാത്രമാണ് കമ്മീഷന് അവാർഡിനായി പരിഗണിക്കാൻ സാധ്യമായിരുന്നത്. കർഷകരുടെയും കർഷക സംഘടനകളുടെയും ജനപ്രതിനിധികളുടെയുമെല്ലാം ആവശ്യം പരിഗണിച്ച്, കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതി 03-12-2022-ലെ സർക്കാർ ഉത്തരവുപ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-

08-2020 വരെയും മറ്റ് പന്ത്രണ്ട് ജില്ലകളിലെ കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽനിന്നെടുത്ത വായ്പകൾക്കൂടി കടാശ്വാസത്തിന് പരിഗണിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. മേൽകാലഘട്ടത്തിൽ ലോണെടുത്തിട്ടുള്ള അർഹരായ കർഷകരിൽനിന്നും കടാശ്വാസത്തിന് അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 19-09-2023-ലെ സർക്കാർ ഉത്തരവുപ്രകാരം 2023, ഡിസംബർ 31 വരെയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കൂടാതെ, 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷന് ലഭ്യമായതും കടാശ്വാസത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതിക്ക് ശേഷം പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടതുമായ 33526 അപേക്ഷകൾക്കൂടി പരിഗണിക്കാനുള്ള പ്രത്യേകമായ അനുമതിയും സർക്കാർ നൽകുകയുണ്ടായി. കൃഷിക്കാരുടെ ഭാഗത്തുനിന്നും കർഷക കടാശ്വാസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ അവരെ സഹായിക്കാനുള്ള നടപടികൾ പരമാവധി സ്വീകരിക്കണമെന്നുതന്നെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം കമ്മീഷൻ 244 സിറ്റിങ്ങുകൾ നടത്തുകയും 79215 അപേക്ഷകൾ തീർപ്പാക്കുകയും 366.88 കോടി രൂപയുടെ അവാർഡുകൾ

ഇതുവരെ കർഷകർക്ക് അനുവദിക്കുകയും ചെയ്തു. അവാർഡിനുള്ള അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കാനായി നിലവിൽ ഇടുക്കി, വയനാട് ജില്ലകളൊഴികെ മറ്റ് പന്ത്രണ്ട് ജില്ലകളിലും അപേക്ഷകളില്ല. ഇടുക്കി, വയനാട് ജില്ലകളിലെ അപേക്ഷകളിന്മേൽ തീർപ്പുകല്പിക്കുന്നതിനായി പ്രത്യേക സിറ്റിങ്ങുകൾ കമ്മീഷൻ നടത്തിവരികയാണ്. 2018-19 കാലഘട്ടത്തിലുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇടുക്കി, വയനാട് ജില്ലകളൊഴികെയുള്ള ബാക്കി പന്ത്രണ്ട് ജില്ലകൾക്കുകൂടി 31-08-2020 വരെ കർഷകർ എടുത്ത വായ്പകൾക്ക് കടാശ്വാസം നൽകി എല്ലാ ജില്ലകളിലെയും വായ്പാ തീയതി ഏകീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടത്. ആ പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. ജപ്തിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സഭയിൽ പറഞ്ഞതിൽനിന്നും സർക്കാർ അല്പംപോലും പിന്നോട്ടുപോകില്ലെന്ന് അറിയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആനുകൂല്യവും തുകയുമായി ബന്ധപ്പെട്ട കാര്യങ്ങളും സർക്കാർ പരിശോധിക്കുന്നതാണ്. കർഷക കടാശ്വാസ കമ്മീഷനിൽ യാതൊരു തരത്തിലുള്ള ഭരണപ്രതിസന്ധിയുമില്ല. റേഷൻ കാർഡുമായി ബന്ധപ്പെട്ട്

പറഞ്ഞ കാര്യങ്ങൾ അനുഭാവപൂർവം സർക്കാർ പരിശോധിക്കുന്നതാണ്. എല്ലാ കർഷകർക്കും ആനുകൂല്യം ലഭ്യമാകണമെന്നതന്നെയാണ് സർക്കാരിന്റെ നയം. അതുകൊണ്ട് മറ്റൊരാളുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന ആളുകൾക്ക് ഇത്തരത്തിലുള്ള ആനുകൂല്യം ലഭ്യമാകുന്നില്ലെന്ന് ചൂണ്ടിക്കാണിച്ചത് ഗൗരവതരമായിതന്നെ സർക്കാർ പരിശോധിക്കുന്നതായിരിക്കും. ആലക്കോട് ചേർന്ന കർഷക സംഗമത്തിൽ പറഞ്ഞ കാര്യങ്ങളിൽനിന്നും അല്പംപോലും പുറകോട്ടുപോകില്ല. അക്കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കാലപരിധി സംബന്ധിച്ച് ഏറ്റവും ഗുരുതരമായ പ്രതിസന്ധി നേരിട്ട ഒരു കാലഘട്ടമെന്ന നിലയിൽ 2022 വരെ എന്നത് പരിഗണിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. പ്രസാദ്: സർ, നേരത്തെ പറഞ്ഞതുപോലെ, ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം നിലനിന്നിരുന്ന കാലഘട്ടം എന്ന നിലയിൽ 12 ജില്ലകൾക്കൂടി പരിഗണിക്കുന്ന കാര്യമാണ് പറഞ്ഞത്. 2007-ൽ കർഷക കടാശ്വാസ കമ്മീഷൻ രൂപംകൊള്ളുന്ന കാലംമുതൽ ഇടുക്കി, വയനാട്

ജില്ലകൾക്ക് ഒരു സമയവും ബാക്കിയുള്ള പന്ത്രണ്ട് ജില്ലകളെ പ്രത്യേകമായി എടുത്തുമാണ് കഴിഞ്ഞ കാലങ്ങളിൽ പരിഗണിച്ചിരുന്നത്. കോവിഡ്, പ്രളയം എന്നിവയുടെ പശ്ചാത്തലത്തിൽ ഇടുക്കി, വയനാട് ജില്ലകളോടൊപ്പംതന്നെ മറ്റുള്ളവ കൂടി പരിഗണിക്കേണ്ടതാണ് എന്നുള്ള നിർദേശം സർക്കാരിന്റെ പരിഗണനയിലാണ്. അക്കാര്യം ഗൗരവതരമായി സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കർഷകർക്ക് സഹായം ലഭ്യമാക്കാൻ കഴിയുമോയെന്നാണ് പരിശോധിക്കുന്നത്. ധനകാര്യ വകുപ്പുമായി ചർച്ചകൾ നടത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള പ്രവർത്തനങ്ങളുമായാണ് കൃഷിവകുപ്പ് മുന്നോട്ടുപോകുന്നത്.